ദേശാഭിമാനി

18 April 2017

# വൻകിട മത്സ്യബന്ധനരീതികളെ നിരുത്സാഹപ്പെടുത്തണം: ഡോ. മാർടിൻ ബാവിക്

കൊച്ചി > മത്സ്യമേഖലയിലെ നയങ്ങൾ രൂപപ്പെടുത്തുമ്പോൾ ചെറുകിട മേഖലയിലെ തൊഴിൽ ലഭ്യതയ്ക്കും വരുമാനത്തിനും പ്രാധാന്യം നൽകണമെന്നും വൻകിട മത്സ്യബന്ധനരീതികളെ നിരുത്സാഹപ്പെടുത്തണമെന്നും ആംസ്റ്റർഡാം സർവകലാശാലയിലെ ഡോ. മാർടിൻ ബാവിക് പറഞ്ഞു. ശാസ്ത്രത്തിനുപകരം രാഷ്ട്രീയമാണ് ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഭരണനിർവഹണത്തിൽ മുഖ്യ പങ്കുവഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെയും ശ്രീലങ്കയിലെയും മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുന്ന ഡോ. മാർട്ടിൻ ബാവിക് മത്സ്യബന്ധനമേഖലയിലെ ഭരണനിർവഹണം എന്ന വിഷയത്തിൽ സിഎംഎഫ്ആർഐയിൽ പ്രഭാഷണം നടത്തുകയായിരുന്നു.

ഇന്ത്യയുടെയും ശ്രീലങ്കയുടെയും സമുദ്രാതിർത്തിയിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവസാനിക്കാത്തത് പ്രധാനമായി രാഷ്ട്രീയ കാരണങ്ങളാലാണ്. വടക്കൻ ശ്രീലങ്കയിലെ ഇരുപത്തയ്യായിരത്തോളം ചെറുകിട മത്സ്യത്തൊഴിലാളികളും കുടുംബങ്ങളും ഉപജീവനത്തിന് പ്രധാനമായി ആശ്രയിക്കുന്ന ഈ മേഖലയിലെ മത്സ്യബന്ധനം ശാസ്ത്രീയപഠനങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രണവിധേയമാക്കണം. യാനങ്ങളുടെ വലുപ്പം കുറയ്ക്കാൻ തമിഴ്നാട് സർക്കാർ മുൻകൈ എടുത്താൽ ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള തർക്കം ഒരുപരിധിവരെ ഒഴിവാക്കാം.

ശാസ്ത്രപഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള മാർഗനിർദേശങ്ങൾക്ക് സിഎംഎഫ്ആർഐയും ശ്രീലങ്കയുടെ നാഷണൽ അക്വാട്ടിക് റിസോഴ്സ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഏജൻസിയും യോജിച്ച് പഠനം നടത്തണം. ഇന്ത്യൻ മത്സ്യമേഖലയുടെ പുരോഗതിക്ക് ഈ രംഗത്തെ അനാവശ്യ രാഷ്ട്രീയ സ്വാധീനങ്ങൾ തടയണമെന്നും ഡോ. ബാവിക് പറഞ്ഞു.

മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് പ്രഭാഷണപരിപാടി സംഘടിപ്പിച്ചത്. സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞരുമായി ചർച്ചയും നടന്നു.